# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ഓഗസ്റ്റ് 17 | ദീപം 56 | നാളം 24 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org





# വിലതീരാത്ത സ്വാതന്ത്ര്യം വിഷലിപ്തമാക്കുന്നുവോ നമ്മൾ?



ഡോ. ബി. സന്ധ്യ

ഭാരതത്തിൽ സ്വാതന്ത്ര്യത്തിന്റെ ത്രിവർണപതാക പാറിപ്പറക്കാൻ തുടങ്ങിയിട്ട് 76 വർഷം പിന്നിട്ടു. നിരവധി അധിനിവേശങ്ങൾക്കിരയായ രാജ്യമാണ് ഇന്ത്യ. അത്തരം കടന്നുകയറ്റങ്ങളെയൊക്കെ പ്രതിരോധിച്ചും അതിജീവിച്ചും നാം 1947 ൽ സ്വാതന്ത്ര്യം പ്രാപിച്ചു. അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ ആയിരങ്ങൾക്ക് ജീവൻ ബലി നല്കേണ്ടിവന്നു. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നെഹ്റുവും ഗോഖലെയും ഭഗത്സിങ്ങും സുഭാഷ് ചന്ദ്രബോസും തിലകനും പട്ടേലും സരോജനിനായിഡുവുമൊക്കെ സ്വാതന്ത്ര്യസമരപ്രക്ഷോഭങ്ങളെ മുന്നോട്ടുനയിച്ച മഹാരഥന്മാരായിരുന്നു. 1757 ലെ പ്ലാസിയുദ്ധവും 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരവും 1917 ലെ ചമ്പാരൻ സമരവും 1930 ലെ ഉപ്പുസത്യാഗ്രഹവും 1942 ലെ ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭവും ഇരമ്പുന്ന സമരഗാഥകളാണ്. ഈ സ്വാതന്ത്ര്യസമരസംഭവങ്ങളൊക്കെത്തന്നെയാണ് നമ്മുടെ രാജ്യത്തെ ഇന്നും ലോകത്തിലെ ഏറ്റവും വിസ്മയകരമായ സംജ്ഞകളിലൊന്നായി വിലയിരുത്തപ്പെടുന്നതിനു കാരണം.

സ്വാതന്ത്ര്യാനന്തരഭാരതത്തിനും നിരവധി വെല്ലുവിളികളെ നേരിടേണ്ടിവന്നിട്ടുണ്ട്. വിഭജനവും തുടർന്നുണ്ടായ വർഗീയകലാപവും ഇന്നും മായാത്ത രക്തപ്പാടുകളാണ്. രാജ്യത്തിന് സ്വതന്ത്രമായ ഭരണഘടന നിർമിക്കുന്നതിൽ നേതൃപരമായ പങ്കുവഹിച്ച ഒട്ടേറെ മഹിതാക്കൾ നമുക്കുണ്ട്. അംബേദ്കറിനെപ്പോലുള്ള ഭരണഘടനാശില്പികളെ ഈ സ്വാതന്ത്ര്യദിനത്തിൽ പ്രത്യേകം സ്മരിക്കണം. സ്വാതന്ത്രന്ത്യയെ മുന്നോട്ടുനയിക്കുന്നതിൽ നെഹ്റുവും അബ്ദുൾകലാം ആസാദും പട്ടേലും മറ്റും വഹിച്ച പങ്ക് നിസ്തുലമാണ്. ആധുനിക ഇന്ത്യയ്ക്ക് അടിത്തറ പാകിയവരാണിവർ.

നമ്മുടെ സ്വാതന്ത്ര്യസമരപ്രക്ഷോഭണങ്ങൾ കേവലം കൊളോണിയൽവാഴ്ചയ്ക്കെതിരെയുള്ള പോരാട്ടംമാത്രമായിരുന്നില്ല. ജാതിക്കും ജാതിജന്യമായ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെയുള്ള നവോത്ഥാനപ്രവർത്തനങ്ങൾകൂടിയായിരുന്നു. കേരളവും തീക്ഷ്ണമായ ദേശീയസമരത്തിന്റെ ഭാഗമായിരുന്നു. ഒപ്പം നവോത്ഥാനപ്രവർത്തനങ്ങൾക്കും കേരളം വേദിയായി. വൈക്കം സത്യാഗ്രഹവും നിവർത്തനപ്രക്ഷോഭവും മറ്റും കേരളത്തിന്റെ സ്വാതന്ത്ര്യസമരചരിത്രത്തിലെ തിളങ്ങുന്ന അധ്യായങ്ങളാണ്.

ഇത്തരം മഹിതമായ പാരമ്പര്യസ്മരണകൾ ഓരോ ഭാരതീയനും മനസ്സിൽ സൂക്ഷിക്കണം. വ്യക്തിപരമായിപ്പറഞ്ഞാൽ രാജ്യത്തിന്റെ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് അഭിമാനമുണർത്തുന്ന അനേകം ഓർമകളുറങ്ങുന്ന ഒരു വീട്ടിലാണ് എന്റെ ജനനം. അതിതീവ്രമായ സ്വാതന്ത്ര്യസമരപ്രക്ഷോഭണങ്ങളുടെ കാലഘട്ടത്തിലായിരുന്നു എന്റെ പിതാവിന്റെ ജനനവും ബാല്യവും കൗമാരവുമൊക്കെ. രാജ്യത്തിന്റെ അഭിമാനപോരാട്ടത്തെ എന്റെ പിതാവിന്റെ പേരിനോടൊപ്പം ചേർക്കാൻ സ്വാതന്ത്ര്യകുതുകികളായിരുന്ന അദ്ദേഹത്തിന്റെ രക്ഷിതാക്കൾ തയ്യാറായി. അങ്ങനെ പിതാവിന്റെ പേര് ഭാരതത്തെ സ്മരിക്കുന്ന ഭാരതദാസ് എന്നും പിതൃസഹോദരിയുടെ പേര് സരോജിനി നായിഡുവിനെ സ്മരിക്കുന്ന സരോജിനി എന്നുമായി. രാജ്യസ്നേഹത്തിന്റെ തീവ്രചിന്തകൾ നിറഞ്ഞ എന്റെ കുടുംബത്തിന്റെ പാരമ്പര്യം എന്റെ വ്യക്തിജീവിതത്തിലും ഔദ്യോഗികജീവിതത്തിലും ഏറെ സ്പർശിച്ചിട്ടുണ്ട്.

ദേശസ്നേഹികളായ അനേകം മഹാരഥന്മാർ പിറന്നുവീണ നാട്ടിൽ, മഹിതമായ പാരമ്പര്യങ്ങളുറങ്ങുന്ന മീനച്ചിൽ താലൂക്കിൽ ജനിക്കാൻ കഴിഞ്ഞതിൽ, ഞാൻ അഭിമാനിക്കുന്നു. സ്വാതന്ത്ര്യസമരസേനാനികളായിരുന്ന ആർ.വി. തോമസ്, ജോർജ് തോമസ് കൊട്ടുകാപ്പള്ളി, പ്രൊഫ. കെ.എം.ചാണ്ടി, ചെറിയാൻ കാപ്പൻ എന്നിവരെയൊക്കെ പാലായിലെ പുതുതലമുറ വേണ്ടവിധം അറിയുന്നുണ്ടോയെന്നു ഞാൻ സന്ദേഹിക്കുന്നു. എന്തായാലും, 76-ാം സ്വാതന്ത്ര്യദിനമാഘോഷിക്കുന്ന ഈ വേളയിൽ തലമുറതലമുറയായി പാലാക്കാർ താലോലിച്ചുപോരുന്ന മതസൗഹാർദം ഇന്നും തിളക്കമാർന്നു നില്ക്കുന്നു എന്നത് അഭിമാനാർഹമായ ഒരു കാര്യമാണ്. ഈ പ്രദേശങ്ങൾ ഭരിച്ചിരുന്ന മീനച്ചിൽ രാജകുടുംബം പുലർത്തിപ്പോന്ന മതമൈത്രിയുടെ ശക്തമായ സന്ദേശമാവാം ഇന്നും അതു തുടർന്നുപോകാൻ കാരണം.

പാലായിൽ സ്കൂളിൽ പഠിച്ചിരുന്നകാലത്ത് കൈയിലുയർത്തിയ ദേശീയപതാകയും മിഠായികളും ദേശീയഗാനാലാപനവുമൊക്കെയായി സ്വാതന്ത്ര്യദിനമാഘോഷിച്ചത് ഇന്നും മനസ്സിൽ മായാതെ നില്ക്കുന്നു. ഒരിക്കൽ, ഓഗസ്റ്റ് 15 ന് ചാച്ചാനെഹ്റുവായി വേഷമിടാൻ ഇടയായത് ഒരു പ്രത്യേക അനുഭവമായിരുന്നു. അന്ന് പ്രധാനാധ്യാപകൻ പതാക ഉയർത്തി സല്യൂട്ട് ചെയ്തതിന്റെ ഓർമച്ചിത്രം പിന്നീട് ഔദ്യോഗികജീവിതത്തിൽ പല ചടങ്ങുകളും നിർവഹിക്കുമ്പോഴും എന്റെ മനസ്സിലേക്കു കടന്നുവരുമായിരുന്നു.

നമ്മുടെ രാജ്യത്തിന്റെ ഭാവി പുതുതലമുറയിൽ നിക്ഷിപ്തമാണ്. സ്വാതന്ത്ര്യത്തിന്റെ അർഥം ഉൾക്കൊണ്ട്, മനുഷ്യോചിതമായ നവീനാശയങ്ങൾ സ്വീകരിച്ച്, അവയെ നടപ്പിലാക്കി ലോകത്തിന്റെ നിറുകയിലേക്ക് എത്തിച്ചേരാനുള്ള പോരാട്ടത്തിൽ ഓരോ ഭാരതീയനും അണിചേരണം. അതിനു വേണ്ടത് വലിയ പഠനവും ഉയർന്ന ദേശീയബോധവും അർപ്പണമനോഭാവവുമാണ്. നിർഭാഗ്യവശാൽ നമ്മുടെ പുതുതലമുറ ഇന്ന് ഒരു ദൂഷിതവലയത്തിലാണ്. മദ്യത്തോടും മയക്കുമരുന്നുകളോടുമുള്ള ആസക്തി, സൈബർ ഇടങ്ങളിലെ ചതിക്കുഴികളിൽ വീഴുക, മൊബൈൽ ഫോണുകളുടെ നിരന്തരവും വിവേകപൂർവമല്ലാത്തതുമായ ഉപയോഗം, സങ്കുചിതവും വിഭാഗീയവുമായ ചിന്തകൾകൊണ്ട് വിധ്വംസകശക്തികളുടെ കൈകളിൽ എത്തിച്ചേരുന്ന അവസ്ഥ തുടങ്ങിയ വിഷയങ്ങളിൽ വളരെ അവധാനതയോടെ സമൂഹം ഇടപെടണം. അതിന് രക്ഷിതാക്കളും അധ്യാപകരും വിദ്യാർഥികളും രാഷ്ട്രീയക്കാരും ഭരണാധികാരികളും മാധ്യമങ്ങളും ഉദ്യോഗസ്ഥരും ഉണർന്നുപ്രവർത്തിക്കേണ്ടതുണ്ട്. നമുക്കു ലഭിച്ച മഹത്തായ ഈ സ്വാതന്ത്ര്യത്തെ എല്ലാ അർഥത്തിലും കാത്തുസൂക്ഷിക്കാനുള്ള വലിയ ഉത്തരവാദിത്വം നാം ഓരോരുത്തരും ഏറ്റെടുക്കണം. ■



ഡോ. തോമസ് മൂലയിൽ

# കേരളത്തിന്റെ വിദ്യാഭ്യാസചട്ടക്കൂട് എന്തിനു മാറണം?

സ്വാതന്ത്ര്യയുടെ പ്രഥമപരിഗണനകളിലൊന്ന് വിദ്യാഭ്യാസമായിരുന്നു. 1948ലെ ഡോ. രാധാകൃഷ്ണ കമ്മീഷൻ ഓൺ യൂണിവേഴ്സിറ്റി എജ്യൂക്കേഷനും 1952-53 ലെ മുതലിയാർ കമ്മീഷൻ ഓൺ സെക്കൻഡറി എജ്യൂക്കേഷനും സ്വാതന്ത്ര്യയ്ക്ക് അനുയോജ്യമായ വിദ്യാഭ്യാസസമ്പ്രദായത്തിനു രൂപംനല്കുന്നതിനുള്ള ശ്രമമാണു നടത്തിയത്. ഈ രണ്ടു കമ്മീഷനുകളുടെയും റിപ്പോർട്ടുകൾ ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ ഗതിവിഗതികളെ നിർണയിക്കുന്നതിൽ വഹിച്ചിട്ടുള്ള പങ്ക് അതിശ്രേഷ്ഠവും അദ്വിതീയവുമാണ്. 1964-66 ലെ കോത്താരികമ്മീഷൻ ഓൺ നാഷണൽ ഡെവലപ്മെന്റ് വിദ്യാഭ്യാസമേഖലയിൽ വിപ്ലവാത്മകമായ മാറ്റങ്ങൾക്കു വഴിതെളിച്ചു. വിദ്യാഭ്യാസം ജീവിതബന്ധിയും ജീവിതഗന്ധിയുമാകണമെന്നും മൂല്യാധിഷ്ഠിതവിദ്യാഭ്യാസമാണ് ഇന്ത്യയ്ക്കു വേണ്ടതെന്നുമുള്ള കമ്മീഷൻശിപാർശകൾ മുക്തകണ്ഠമായ പ്രശംസ പിടിച്ചുപറ്റുകയുണ്ടായി. തുടർന്നുള്ള കാലഘട്ടങ്ങളിൽ ദേശീയതലത്തിലും സംസ്ഥാനതലത്തിലും വിദ്യാഭ്യാസപരിഷ്കരണത്തിനായുള്ള പഠനങ്ങളും ആ പഠനങ്ങളെ ആസ്പദമാക്കിയുള്ള പരിഷ്കാരങ്ങളും നടന്നിട്ടുണ്ട്. ഇതിന്റെയൊക്കെ തുടർച്ചയായിട്ടു വേണം ദേശീയവിദ്യാഭ്യാസം 2020 നെ കാണാൻ.



### ദേശീയ വിദ്യാഭ്യാസനയം 2020

NEP എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ദേശീയവിദ്യാഭ്യാസനയം 2020 (National Education Policy 2020) സ്വാതന്ത്ര്യഭാരതത്തിലെ 4-ാമത്തെ ദേശീയ വിദ്യാഭ്യാസനയമാണ്.

ഐ.എസ്.ആർ.ഒ. മുൻ ചെയർമാൻ കസ്തൂരിരംഗൻ ചെയർമാനായുള്ള 11 അംഗ സമിതി 2019 ൽ സമർപ്പിച്ച കരടുറിപ്പോർട്ട് ജനങ്ങൾക്കിടയിൽ ചർച്ചയ്ക്കായി അവതരിപ്പിക്കുകയും രണ്ടരലക്ഷത്തിലധികം പ്രതികരണങ്ങൾ ലഭിക്കുകയും ചെയ്തതായി പത്രവാർത്തയുണ്ടായിരുന്നു. പക്ഷേ, ഈ പ്രതികരണങ്ങളിലെ നിർദേശങ്ങളൊന്നുംതന്നെ പരിഗണിക്കപ്പെട്ടിട്ടില്ല എന്ന ആക്ഷേപം സജീവമായിട്ടുണ്ട്. ഇക്കാലമത്രയും ദേശീയവിദ്യാഭ്യാസനയങ്ങൾ പാർലമെന്റിൽ അവതരിപ്പിച്ചു ചർച്ചചെയ്തു ഭേദഗതികൾ വരുത്തിയാണു നടപ്പിലാക്കിയിരുന്നത്. പക്ഷേ, ഇവിടെ ആ കീഴ്വഴക്കം നിഷ്കരുണം തകിടംമറിക്കപ്പെട്ടിരിക്കുന്നു എന്നാണു പൊതുവിലുള്ള ആക്ഷേപം.

### ചട്ടക്കൂടിന്റെ വിശകലനം

ആദ്യത്തെ അഞ്ചു വർഷം അടിസ്ഥാനഘട്ടം (Foundational Stage), മൂന്നു വർഷം ഒരുക്കകാലഘട്ടം (preparatory Stage), മൂന്നു വർഷം മധ്യഘട്ടം (Middle Stage), നാലു വർഷം സെക്കന്ററി ഘട്ടം (Secondary Stage). ഇതാണു ചട്ടക്കൂടിന്റെ ഘടന. മൂന്നു വയസ്സു മുതൽ എട്ടു വയസ്സുവരെയുള്ള കാലയളവാണ് അടിസ്ഥാനഘട്ടത്തിനുള്ളത്. അതിൽ ആദ്യത്തെ മൂന്നു വർഷം അങ്കണവാടി/ പ്രീസ്കൂളും 1, 2 ക്ലാസ്സുകളുമാണ്. കളികളും പ്രവർത്തനങ്ങളും (play-based or Activity-based) അടിസ്ഥാനമാക്കിയുള്ള പരിശീലനമാണ് ഇവിടെ ലക്ഷ്യം വയ്ക്കുന്നത്. പ്രിപ്പറേറ്ററി സ്റ്റേജിൽ മൂന്നുമുതൽ അഞ്ചു വരെയുള്ള ക്ലാസ്സുകൾക്കായി മൂന്നു വർഷം ചെലവഴിക്കുന്നു. എട്ടുമുതൽ പതിനൊന്നു വയസ്സുവരെയുള്ള കാലയളവിലാണ് ഈ പരിശീലനം നടക്കുന്നത്. കളികൾക്കും പ്രവർത്തനങ്ങൾക്കുമൊപ്പം ക്ലാസ്സുകളും ഉണ്ടാവും. 11 മുതൽ 14 വയസ്സുവരെയുള്ള കുട്ടികളാണു മധ്യഘട്ടത്തിലുള്ളത്. മൂന്നു വർഷക്കാലത്തെ ഈ പഠനത്തിൽ പരമ്പരാഗത പഠനസമ്പ്രദായത്തിൽനിന്നുമാറി വിമർശനാത്മകമായ പഠനത്തിലേക്കു കടക്കുന്നു. സെക്കൻഡറി സ്റ്റേജിലേക്കു കടക്കുന്ന കുട്ടികൾ 9,10 എന്ന ഘട്ടവും 11, 12 എന്ന ഘട്ടവും പിന്നിടുന്നു. അവിടെ കുട്ടികളുടെ അഭിരുചിയനുസരിച്ചു വൈവിധ്യമാർന്ന പഠനവിഷയങ്ങൾ ഉണ്ടാവും. ഇതാണു ദേശീയവിദ്യാഭ്യാസം വിഭാവന ചെയ്യുന്ന പഠനചട്ടക്കൂട്.

കേരളത്തിൽ നിലവിലുള്ള പൊതുവിദ്യാഭ്യാസത്തിന്റെ ചട്ടക്കൂട് എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. ആണല്ലോ. എൽ.പി. നാലു വർഷം, യു.പി. 3 വർഷം, എച്ച്.എസ്. മൂന്നു വർഷം, എച്ച്.എസ്.എസ്. രണ്ടു വർഷം. അങ്ങനെ 4+3+3+2=12 വർഷം. ഇപ്പോഴത്തെ +2 നുമുമ്പ് അതു പ്രീഡിഗ്രി ആയിരുന്നു. അതിനുമുമ്പ് പ്രീയൂണിവേഴ്സിറ്റി (പി.യു.സി.)യും അതിനുംമുമ്പ് ഇന്റർ മീഡിയറ്റും ആയിരുന്നു. പത്തുവരെയുള്ള വിഭാഗത്തിൽ പ്രൈമറിതലത്തിലുള്ള നാലു വർഷം അതിനുമുമ്പ് അഞ്ചു വർഷമായിരുന്നു. അതിനും മുമ്പ് അഞ്ചാം ക്ലാസ്സിനുപകരം പ്രിപ്പറേറ്ററി ക്ലാസ്സ് (Preparatory class) ആയിരുന്നു. പ്രൈമറിതലം കഴിഞ്ഞുള്ള പഠനം ഫസ്റ്റ് (First), സെക്കൻഡ് (Second), തേർഡ് (Third), ഫോർത്ത് (Forth), ഫിഫ്ത്ത് (Fifth), സിക്സ്ത്ത് (Sixth) എന്ന ക്രമത്തിലായിരുന്നു. എസ്.എസ്.എൽ.സി. പാസാകുന്നതിനു സിക്സ്ത്ത് (Sixth) പാസാകുക എന്നായിരുന്നു പറഞ്ഞിരുന്നത്. ഇന്നത്തെ നേഴ്സറിയുടെ സ്ഥാനത്തു കളരിയുണ്ടായിരുന്നു. കളരിയിൽ ഉണ്ടായിരുന്നത് 'നിലത്തെഴുത്ത്' എന്നറിയപ്പെടുന്ന അക്ഷരപഠനമായിരുന്നു. ഒന്നാം ക്ലാസ്സിൽ വന്നു ചേരുമ്പോൾ കളരിപഠനം നിർബന്ധമുള്ള കാര്യമായിരുന്നില്ല. എങ്കിലും, ഒരു ന്യൂനപക്ഷം കുട്ടികൾ കളരിയിൽ പോയി അക്ഷരപരിചയം നേടിയശേഷമാണ് സ്കൂളിൽ വന്നുചേർന്നിരുന്നത്.

ഇവിടെ ശ്രദ്ധേയമായ ഒരു കാര്യം, ഏതാണ്ട് ഒന്നര നൂറ്റാണ്ടായി തുടർന്നുപോന്ന പൊതുവിദ്യാഭ്യാസഘടനയിൽ (ചട്ടക്കൂടിൽ) കാര്യമായ വ്യത്യാസങ്ങളൊന്നും സംഭവിച്ചിട്ടില്ല എന്നുള്ളതാണ്. കാലാനുസൃതമായ ചില മാറ്റങ്ങൾ ക്രമേണ വരുത്തുകമാത്രമാണു ചെയ്തിട്ടുള്ളത്. ആ സ്ഥാനത്താണു ദേശീയവിദ്യാഭ്യാസനയം 2020 ൽ അടിമുടി മാറ്റം വരുത്തിയിരിക്കുന്നത്! എന്തുകൊണ്ട് എന്ന ചോദ്യത്തിനു വ്യക്തമായ കാരണങ്ങളൊന്നും കാണിക്കാനില്ല.

ദേശീയ വിദ്യാഭ്യാസചട്ടക്കൂട് അനുസരിച്ചു പഠിക്കുന്ന കുട്ടി മൂന്നാമത്തെ വയസ്സിൽ പ്രീപ്രൈമറിതലത്തിലെത്തി അഞ്ചു വർഷത്തെ പരിശീലനം (3+2=5) നേടി എട്ടാമത്തെ വയസിൽ രണ്ടാംക്ലാസ്സിലെത്തുമ്പോൾ, കേരളത്തിലെ വിദ്യാഭ്യാസചട്ടക്കൂട് അനുസരിച്ചു പഠിക്കുന്ന കുട്ടി അഞ്ചാമത്തെ വയസ്സിൽ സ്കൂളിലെത്തി പഠനം നടത്തി എട്ടാമത്തെ വയസ്സിൽ നാലാം ക്ലാസ്സിലെത്തുന്നു! അതുപോലെ തന്നെ, ദേശീയ ചട്ടക്കൂട് അനുസരിച്ചു പഠിക്കുന്ന കുട്ടി പ്രൈമറിതലം പിന്നിടുമ്പോൾ (3+2+3=8) പതിനൊന്നു വയസ്സു പൂർത്തിയാകുന്നിടത്ത് കേരളത്തിലെ കുട്ടിക്ക് എട്ടു വയസ്സുപൂർത്തിയാകുമ്പോൾ പ്രൈമറിതലം പിന്നിട്ടിരിക്കും! എട്ടു വർഷംകൊണ്ട് (3+2+3=8) പ്രൈമറിസ്കൂൾ പഠനം പൂർത്തിയാകുന്ന കുട്ടിയ്ക്ക് നാലു വർഷംകൊണ്ട് പ്രൈമറിസ്കൂൾ പഠനം പൂർത്തിയാക്കുന്ന കുട്ടിയും നേടേണ്ട വിദ്യാഭ്യാസയോഗ്യത അടിസ്ഥാന ലിറ്ററസിയും (എഴുത്തും വായനയും) അടിസ്ഥാന ന്യൂമറസിയും (ചതുഷ്ക്രിയ-സങ്കലനം, വ്യവകലനം, ഹരണം, ഗുണനം) ആണ്. എങ്കിൽ പിന്നെ, കേരളത്തിന്റെ നിലവിലുള്ള ചട്ടക്കൂട് എന്തിനു മാറണം?

കേരളത്തിലെ പ്രൈമറിസ്കൂൾ കുട്ടികളുടെ സാക്ഷരതയ്ക്ക് സുദീർഘമായ ഒരു ചരിത്രപാരമ്പര്യമുണ്ട്. ഈ പാരമ്പര്യം 18-ാം നൂറ്റാണ്ടോടെ വിദേശമിഷനറിമാർ തുടങ്ങിവച്ചതാണ്. വരാപ്പുഴ മെത്രാപ്പോലീത്ത ഡോ. ആഞ്ചലോസ് ഫ്രാൻസീസ് (1700), അർണോസ് പാതിരി (1681-1732), ക്ലമന്റ് പിയാനിയൂസ് (1731-1792), ബെഞ്ചമിൻ ബെയ്‌ലി (1791-1871), ഹെർമൻ ഗുണ്ടർട്ട് (1814-1893) മുതലായവർ ഭാഷാസേവനം നടത്തിയ വിദേശമിഷനറിമാരിൽ പ്രമുഖരാണ്. ഇവർ തുടങ്ങിവച്ച സാക്ഷരതാപ്രവർത്തനങ്ങൾക്കു പിന്തുണയും പ്രോത്സാഹനവും നല്കി അവരുടെ പാത പിന്തുടർന്ന ഭരണാധികാരികൾ കേരളത്തിലുണ്ടായിരുന്നു. സ്വാതിതിരുനാൾ മഹാരാജാവിന്റെ പ്രസിദ്ധമായ ഒരു കല്പനയുണ്ട്: "എട്ടു വയസ്സു പൂർത്തിയായ ഒറ്റക്കുട്ടിയും എഴുത്തും വായനയും അറിയാത്തതായി തിരുവിതാംകൂറിൽ ഉണ്ടാകാൻ പാടില്ല. റാണി പാർവതിബായി സ്ത്രീവിദ്യാഭ്യാസത്തിനു നല്കിയിരുന്ന പ്രോത്സാഹനത്തെപ്പറ്റി 1906ലെ സ്റ്റേറ്റ് മാനുവലിലെ പരാമർശം വിസ്മയം ജനിപ്പിക്കുന്നതാണ്: "This war no small Contribution for a Travancore Queen when we remember that in the early yeas of Queen Victoria of England the condition of women in England was far worse than in Travancore" ആയില്യം തിരുനാൾ മഹാരാജാവിന്റെ കാലത്താണ് (1860-1880) മലയാളം പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ തുടങ്ങിയത്.

കേരളവർമ വലിയകോയിത്തമ്പുരാൻ, ഏ.ആർ. രാജരാജവർമ, എം. രാജരാജവർമ, ചിദംബരം വാധ്യാർ എന്നിവർ ചേർന്നു തയ്യാറാക്കിയ പാഠപുസ്തകത്തിന്റെ തുടർച്ചമാത്രമാണ് ഇന്നും നിലനില്ക്കുന്ന പാഠപുസ്തകങ്ങൾ. ദൗർഭാഗ്യമെന്നു പറയട്ടെ, 1996-98 കാലഘട്ടത്തിൽ നടപ്പിലാക്കിയ ഡി.പി.ഇ.പി. സമ്പ്രദായം കേരളത്തിന്റെ സാക്ഷരതാസംസ്കാരം അട്ടിമറിച്ചു. അതിന്റെ ഫലമായി, കേരളം 'നിരക്ഷര സാക്ഷരകേരളം' എന്നു പരിഹസിക്കപ്പെടുകയുണ്ടായി. കേരളം ഒരു അക്ഷരസമരത്തിനു സാക്ഷിയാകേണ്ടിവന്നു.

(ശേഷം 4-ാം പേജിൽ)

# സ്വർഗാരോപിതയും സ്വാതന്ത്ര്യവും



ഫാ. തോമസ് പാട്ടത്തിൽചിറ CMF

പാപപങ്കിലമായ പാരിനെ പവിത്രമാക്കാനുള്ള തന്റെ പദ്ധതിയുടെ പൂർത്തീകരണത്തിനായി വരങ്ങളുടെ വൈവിധ്യമാർന്ന വിഭവങ്ങൾകൊണ്ടു നിറച്ചു കർത്താവ് കരാംഗുലികളാൽ കനിഞ്ഞൊരുക്കിയ 'കൃപകളുടെ കലവറ'യായിരുന്നു നസ്രത്തിലെ മറിയം! ദാനവരങ്ങളുടെ ദാതാവായ ദൈവാത്മാവ് അവളിൽ ആവസിച്ചനിമിഷംമുതൽ, തന്നിൽ നിറഞ്ഞുനുരഞ്ഞുനിന്ന നന്മയെ മറ്റുള്ളവരുമായി പങ്കുവയ്ക്കാനുള്ള അവളുടെ തിടുക്കം തുടങ്ങി (ലൂക്കാ 1:39). സംശുദ്ധിയുടെ സുഗന്ധം പേറി, നിർമലതയുടെ നീലമേലങ്കിയും ചുറ്റി പാർത്തലത്തിൽ കഴിഞ്ഞ കാലമത്രയും ഓരോ മൺതരിയെയും തന്റെ പാദസ്പർശത്താൽ അവൾ പരിപൂതമാക്കി! ദൈവദൂതന്മാരാൽ ദേഹീദേഹങ്ങളുടെ സ്വർലോകത്തേക്കു സംവഹിക്കപ്പെട്ട ആ അമ്മയുടെ സ്മരണകളുണരുന്ന ഈ ഓഗസ്റ്റുമാസത്തിൽ പ്രസ്തുത വിശ്വാസസത്യത്തിന്റെ ചില മാനങ്ങളോടു സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഒരുപിടി ചിന്തകൾകൂടി ചേർത്തുവയ്ക്കുന്നതു സന്ദർഭോചിതമെന്നു കരുതുന്നു.

### സ്വർഗാരോപണം സത്യസ്വാതന്ത്ര്യമാണ്

സ്വർഗത്തിലേക്കുള്ള കന്യാമാതാവിന്റെ കരേറ്റം പരമമായ സ്വാതന്ത്ര്യത്തിലേക്കുള്ള പ്രവേശനമായിരുന്നു. വേദഗ്രന്ഥത്തിന്റെ വെട്ടത്തിലാണ് വിശ്വാസികളായ നാം സുസ്ഥിരമായ സ്വാതന്ത്ര്യത്തിന്റെ നിർവചനം വായിച്ചെടുക്കേണ്ടത്. അത് ആത്യന്തികമായും ദൈവമക്കളുടെ സ്വാതന്ത്ര്യമാണ് (റോമാ. 18:21). ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരാണ് ദൈവമക്കൾ (റോമ. 8:14). ആത്മാവ് തെളിക്കുന്ന വഴിയേ ചരിക്കുന്നവരും അവിടുത്തെ പ്രചോദനങ്ങളുടെയും നിമന്ത്രണങ്ങളുടെയും നിയന്ത്രണങ്ങൾക്കു തങ്ങളെത്തന്നെ വിട്ടുകൊടുക്കുകയും ചെയ്യുന്നവർ. അങ്ങനെയുള്ളവർ അനുഭവിക്കുന്ന സ്വാതന്ത്ര്യം മറ്റുള്ളവയെ എല്ലാം അതിലംഘിക്കുന്ന ഒന്നാണ്. ആത്മാവ് അഴിച്ചുവിടുന്ന ദിശകളിലൂടെ കാറ്റിനെപ്പോലെ കടമ്പകളില്ലാതെ സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം. പക്ഷേ, അതൊരിക്കലും നിലവിലുള്ള നിയമസംവിധാനത്തിന്റെയോ ധാർമികവ്യവസ്ഥയുടെയോ ഒന്നും അന്ധമായ ലംഘനമല്ല; മറിച്ച്, അവയെ എല്ലാം ഉൾക്കൊള്ളാനുള്ള മനോവ്യാപ്തിയാണ്. കനമറിയാതെ പറന്നുനടക്കാനുള്ള കഴിവ്! മാനുഷികവും ഭൗമികവുമായ സകലവിധ അടിമത്തങ്ങളിൽനിന്നുമുള്ള വിടുതലിനെക്കാൾ ഉപരിയായി പൈശാചികവിലങ്ങുകളിൽനിന്നുള്ള വിമോചനമാണത്. മണ്ണിനോടു നമ്മെ വരിഞ്ഞുകെട്ടിയിരിക്കുന്ന എല്ലാ ആസക്തികളിൽനിന്നുമുള്ള മോചനം. ഇത്തരത്തിലുള്ള സ്വാതന്ത്ര്യമാണ് മറിയത്തിനുണ്ടായിരുന്നത്. ചേറ്റിലാണ് ചുവടെങ്കിലും ജലപ്പരപ്പിനുമീതെ വാരിജങ്ങളെ വിരിയിക്കുന്ന താമരച്ചെടിയുടെ സ്വാതന്ത്ര്യവൈശിഷ്ട്യത്തോടെയാണ് അവൾ ജീവിച്ചത്. പുത്രനായ ദൈവത്തിന്റെ ആദ്യത്തെ അനുയായിയായ അവൾ ലോകത്തിലായിരുന്നെങ്കിലും ലോകത്തിന്റേതായിരുന്നില്ല. വെള്ളത്തിലാണു കിടപ്പെങ്കിലും വെള്ളം കയറാത്ത വള്ളംപോലെ! എരിതീയിലും കരിയാതെനിന്ന, മരുഭൂമിയിൽ മോശ കണ്ട മുൾപ്പടർപ്പുപോലെ (പുറ. 3:2)! സ്വർഗം സമ്മാനിക്കുന്ന സ്വാതന്ത്ര്യമാണ് സത്യവും സ്ഥായിയുമായിട്ടുള്ളത് എന്നു മറിയം നമ്മെ അനുസ്മരിപ്പിക്കുന്നു.

'സ്വാതന്ത്ര്യം' എന്ന സങ്കല്പത്തെ രാഷ്ട്രമീമാംസ നിർവചിക്കുന്നത് 'ബാഹ്യമായ നിയന്ത്രണങ്ങളുടെ അഭാവവും, മനുഷ്യർക്ക് അവരുടെ കഴിവുകളെ വികസിപ്പിക്കുന്നതിനുള്ള സാഹചര്യവും' എന്നാണ്. മനുഷ്യൻ ഭൗമികമായ എല്ലാ ബന്ധനങ്ങളിൽനിന്നും മുക്തി നേടി ജീവിതയാനത്തിന്റെ ചുക്കാൻ ദൈവാത്മാവിന്റെ കരങ്ങളിൽ കൊടുക്കുമ്പോഴും, അവനിൽ ദൈവം നിക്ഷേപിച്ചിട്ടുള്ള നാനാവിധ നൈപുണ്യങ്ങളെ പരിപോഷിപ്പിച്ച് പൂർണത പ്രാപിക്കുമ്പോഴാണ് പരമാർഥത്തിൽ അവൻ സ്വതന്ത്രനാകുന്നത്. ഒരു സാധാരണസ്ത്രീയായിരുന്ന കന്യകാമറിയം 'ഇതാ, കർത്താവിന്റെ ദാസി, നിന്റെ ഹിതംപോലെ എന്നിൽ സംഭവിക്കട്ടെ' (ലൂക്കാ 1:38) എന്ന എളിയമനോഭാവത്തോടെ കർത്തൃകരങ്ങളിലേക്കു സ്വയം സമർപ്പിച്ചപ്പോഴും പ്രാപഞ്ചികമായ സകല ശക്തികളുടെയും സ്വാധീനത്തിൽനിന്നു വിമുക്തയായി തന്റെ ജീവിതാവസാനത്തിൽ ആകാശങ്ങളിലേക്ക് ആനയിക്കപ്പെട്ടപ്പോഴും അക്ഷരാർഥത്തിൽ സ്വതന്ത്രയാവുകയാണു ചെയ്തത്. മറിയത്തിന്റെ മക്കളായ നമ്മുടെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ധാരണകൾ കേവലം ഭരണ, സാമൂഹിക, രാഷ്ട്രീയ, മതപരമായ മതിലുകൾക്കുള്ളിൽ മാത്രമായി ഒതുങ്ങിപ്പോകരുത്. അവയുടെയൊക്കെ അപ്പുറത്തുള്ള ആത്മീയമായ സ്വാതന്ത്ര്യാദർശത്തിലേക്ക് നീണ്ടുപോകട്ടെ നമ്മുടെ ദൃഷ്ടികൾ! ജഡകുടീരത്തിൽ ജീർണിച്ചുതീരേണ്ടവയല്ല വിശ്വാസികളായ നമ്മുടെയൊക്കെ ജീവിതങ്ങൾ; മറിച്ച്, സ്വർഗസൗഭാഗ്യങ്ങളിലേക്ക് സംവഹിക്കപ്പെടേണ്ടവയാണ്! മാതാവിനെപ്പോലെ പരലോകം പൂകുമ്പോൾമാത്രമേ നാമും ദൈവം ആഗ്രഹിക്കുന്ന സ്വാതന്ത്ര്യത്തിന് അർഹരാകുകയുള്ളൂ.



### സ്വർഗാരോപണം സ്വർഗസമ്മാനമാണ്

കളങ്കരഹിതയായി ജീവിച്ച കന്യാജനനിക്ക് സുരലോകം നല്കിയ സമ്മാനമാണ് സ്വർഗാരോപണം! പാപത്തിന്റെ പൊട്ടുപോലുമില്ലാതെ അവികലമായ ആത്മാവോടും ശുദ്ധമായ ശരീരത്തോടുംകൂടി സർവശക്തന് ഏറ്റവും സംപ്രീതയായി ജീവിച്ച അവൾക്ക് വിണ്ടലം വച്ചുനീട്ടിയ പരമോന്നത പാരിതോഷികം! മാലാഖമാരുടെ കരരഥത്തിലേറി മാനത്തിനപ്പുറത്തേക്കു കടന്നുപോകാനുള്ള സുവർണഭാഗ്യം അവൾക്കു കൈവന്നു! സാധുവായ ഒരു സ്ത്രീജന്മത്തിന് ഇതിലുപരിയായി എന്താണു സ്വന്തമാകാനുള്ളത്! അസംഖ്യം ആകാശവാസികൾക്കൊപ്പം എണ്ണപ്പെടാനുള്ള അസുലഭാനുഗ്രഹം! വാഴ്വിൽ കർത്താവിന്റെ അപദാനങ്ങൾ അനുസ്യൂതം വാഴ്ത്തി, താഴ്മവതിയായ തന്നിലൂടെ അവിടുന്ന് അനുദിനം ചെയ്ത വലിയ കാര്യങ്ങൾക്ക് കൃതജ്ഞതയുടെ കീർത്തനം പാടിനടന്ന ആ ഗ്രാമീണഗായികയ്ക്ക് വാനിലെ ഗായകഗണത്തോടുചേർന്ന് സർവശക്തനെ സങ്കീർത്തനങ്ങളാൽ നിരന്തരം സ്തുതിക്കാനുള്ള അവകാശവിശേഷം ഇഷ്ടദാനമായി നല്കപ്പെട്ടു! ഇഹത്തിലെ വാസകാലം മുഴുവൻ ദൈവികദാനങ്ങൾക്കുവേണ്ടി ദാഹിക്കുകയും വിശക്കുകയും ചെയ്ത അവളെ വാനിടത്തിൽ വിശിഷ്ടവിഭവങ്ങൾകൊണ്ടു സർവേശൻ സംതൃപ്തയാക്കി! മന്നിൽ മനുഷ്യത്വത്തിന്റെ മികവു തെളിയിച്ച മറിയത്തിന് ദൈവം വിണ്ണിൽ വരദാനങ്ങളുടെ തികവു നല്കി. മണ്ണിൽനിന്നെടുക്കപ്പെട്ടവരാണ് നാമെങ്കിലും മണ്ണിന്റെ മാലിന്യങ്ങളിൽ മുഴുകിക്കഴിയേണ്ടവരല്ലെന്നും മറിച്ച്, കറകളഞ്ഞ ജീവിതശൈലിവഴി സ്വർഗസമ്മാനം നേടേണ്ടവരാണെന്നും മറിയം ഓർമിപ്പിക്കുന്നു.

മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യലബ്ധിയിൽ അഭിമാനിക്കുന്ന നാം നമ്മുടെ സഹജീവികൾക്കു കൊടുക്കേണ്ട ഏറ്റവും ഉദാത്തവും അമൂല്യവുമായ ഉപഹാരം സ്വാതന്ത്ര്യം തന്നെയാണ്. മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ വിലമതിക്കുക. നമ്മുടേതുപോലെതന്നെ മറ്റുള്ളവരുടെയും മൗലികാവകാശമാണത്. അന്യരുടെ സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും നിഹനിക്കുന്ന വിധത്തിലുള്ള നിലപാടുകളും കർമങ്ങളും വാക്കുകളും ഒരിക്കലും നമുക്കു ഭൂഷണമല്ല. മതം, വിശ്വാസം, രാഷ്ട്രീയം, ഭക്ഷണം, വസ്ത്രം തുടങ്ങി വ്യക്തിജീവിതവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും സ്വതന്ത്രമായ തീരുമാനങ്ങളെടുക്കാനും അവയിൽ ഉറച്ചുനില്ക്കാനും മനുഷ്യർക്കെല്ലാവർക്കും തുല്യമായ അവകാശമാണുള്ളത്. സഹജരുടെ സ്വാതന്ത്ര്യത്തെ ആദരിക്കുക. സ്വാതന്ത്ര്യം സമ്മാനിക്കുക, സ്വാതന്ത്ര്യം സ്വീകരിക്കുക.

### സ്വർഗാരോപണം സമ്പൂർണവിജയമാണ്

തിന്മയുടെമേൽ നന്മ നേടിയ ആത്യന്തികമായ വിജയത്തിന്റെ പെരുമ്പറയാണ് സ്വർഗാരോപണത്തിൽ മുഴങ്ങിക്കേൾക്കുന്നത്. തിന്മയെ നന്മകൊണ്ടു കീഴടക്കണമെന്നുള്ള (മത്താ. 5:38-42) കർത്തൃവചസ്സുകളെ ഹൃദയഫലകത്തിൽ കുറിച്ചിട്ടു സദാ ധ്യാനിച്ച മറിയം നന്മയുടെമാത്രം മണവും നിറവുമുള്ള നറുമലരായി വിടർന്നുല്ലസിച്ചു! പാപത്തിന്റെ പ്രതീകമായ പാമ്പിനെ തന്റെ ചരണപദ്മങ്ങൾകൊണ്ടു ചവിട്ടിപ്പിടിച്ച് അവൾ മുഴുവൻ പൈശാചികശക്തികളുടെയും മേൽ പരിപൂർണവിജയം വരിച്ചു! അവളുടെ പവിത്രമായ പാദങ്ങൾക്കടിയിൽ പിശാചും അവന്റെ ചെയ്തികളും ചതഞ്ഞരഞ്ഞു! വിണ്ണിന്റെയും മണ്ണിന്റെയും റാണിയായി അവൾ അവരോധിക്കപ്പെട്ടു!

■

# റൂട്ട്കനാലും മിഥ്യാധാരണകളും



ഡോ. ആൽബിൻ ബെന്നി

റൂട്ട്കനാൽ ട്രീറ്റ്മെന്റ് എന്നു കേൾക്കുമ്പോൾത്തന്നെ ഉള്ള പല്ലുവേദനയ്ക്കു പുറമേ വീണ്ടും വേദന എന്നു ചിന്തിച്ച് നെറ്റിചുളിക്കുന്നവരാണു നമ്മിൽ പലരും. സാധാരണക്കാരുടെ മനസ്സിൽ ഒരുപാടു തെറ്റുധാരണകൾ സൃഷ്ടിച്ചിട്ടുള്ള പദമാണ് റൂട്ട്കനാൽ ട്രീറ്റ്മെന്റ്. ഏതാനും ദശാബ്ദങ്ങൾക്കുമുമ്പ് റൂട്ട്കനാൽ ട്രീറ്റ്മെന്റ് വളരെ വേദനാജനകമായിരുന്നു. എന്നാൽ, അത്യാധുനിക ഡെന്റൽ സാങ്കേതികവിദ്യകളുടെയും ലോക്കൽ അനസ്തേഷ്യപോലുള്ള മരുന്നുകളുടെയും സഹായത്തോടെ റൂട്ട്കനാൽ ട്രീറ്റ്മെന്റ് ഒട്ടും വേദനയില്ലാത്ത ഒരനുഭവമായി മാറുന്നു. എന്നാൽ, വേദന അനുഭവിച്ച പഴയ തലമുറക്കാരിൽനിന്നുള്ള അനുഭവങ്ങൾ കേട്ടു പുതുതലമുറയും റൂട്ട്കനാലിനെ ഭയക്കുകയാണ്.

**എന്താണ് റൂട്ട്കനാൽ ട്രീറ്റ്മെന്റ്?**


പല്ലിനകത്തുള്ള പൾപ്പിനെ എടുത്തുകളഞ്ഞ് വേരിന്റെ അറ്റം മുതൽ അടച്ചുകൊണ്ടു വരുന്ന രീതിയാണ് റൂട്ട്കനാൽ ട്രീറ്റ്മെന്റ്. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ, വെള്ളം കൊണ്ടുപോകാനായി കൃത്രിമമായി സൃഷ്ടിക്കുന്ന കനാലുകളെക്കുറിച്ചു നമുക്കറിയാമല്ലോ. ഇതിനോട് ഏറെക്കുറെ സാമ്യമുണ്ട് നമ്മുടെ പല്ലുകളിലെ കനാലിനും. പല്ലുകളിലേക്കു ചെല്ലുന്ന ന്യൂറോവാസ്കുലാർ ബണ്ടിൽ ഈ കനാലിലൂടെയാണു സഞ്ചരിക്കുന്നത്. ഇതിനെ പൾപ്പ് എന്നു വിളിക്കുന്നു. ഒരു പല്ലിനെ നടുവെ മുറിച്ചാൽ നമുക്കു കാണാൻ സാധിക്കുക ആദ്യം പുറമേയുള്ള ഇനാമൽ. തൊട്ടുതാഴെ ഡെന്റിൻ. അതിനുശേഷം പല്ലിന്റെ കനാലിൽ കാണുന്നത് പൾപ്പാണ്. ഈ പൾപ്പ് എടുത്തു കളഞ്ഞ്, പൾപ്പിരുന്ന കനാൽ ക്ലീൻ ചെയ്തതിനുശേഷം അവിടെ മരുന്നുവയ്ക്കുന്ന പ്രക്രിയയാണ് റൂട്ട്കനാൽ ട്രീറ്റ്മെന്റ്.

**എപ്പോഴാണ് റൂട്ട്കനാൽ ട്രീറ്റ്മെന്റ്?**

പുറത്തെ ലെയർ ആയ ഇനാമലിനെയും പിന്നീടു കാണുന്ന ഡെന്റിനെയും താണ്ടി പല്ലിന്റെ കേട് കനാലിലേക്കെത്തിച്ചേരുകയും അതുമൂലം പൾപ്പിനെ ബാധിക്കുകയും ചെയ്യുമ്പോഴാണ് റൂട്ടകനാൽ ട്രീറ്റ്മെന്റ് സാധാരണമായി ചെയ്യുന്നത്.

**എത്രതവണ വരേണ്ടിവരും?**

റൂട്ട്കനാൽ ട്രീറ്റ്മെന്റിനു മൂന്നു സ്റ്റെപ്പുകളാണുള്ളത്. ഒരുപാടു കേടും പഴുപ്പും ഇല്ലാത്ത പല്ലിൽ മൂന്നു സ്റ്റെപ്പുകളും ഒരു ദിവസംകൊണ്ടുതന്നെ തീർക്കാൻ സാധിക്കും. എന്നാൽ, കേടുവന്നതിന്റെ അളവുകൂടുകയും പഴുപ്പു തീവ്രമാവുകയും ചെയ്താൽ രണ്ടോ മൂന്നോ അതിലധികമോ സന്ദർശനം വേണ്ടിവരും.




**കേടുള്ള പല്ലിനു മാത്രമാണോ റൂട്ട്കനാൽ?**

ഏതെങ്കിലും അപകടത്തിൽ നിങ്ങളുടെ പല്ലുകൾ ഊരിവന്നാൽ അതു തിരിച്ചുവയ്ക്കാനായി റൂട്ട്കനാൽ ചെയ്തു സ്പ്ലിന്റ് ഉപയോഗിച്ച് ഊരിപ്പോയ പല്ലുകൾ ഉറപ്പിക്കാറുണ്ട്.

**പറിച്ചുകളഞ്ഞ പല്ലിന്റെ സ്ഥാനത്തു പുതിയ പല്ലു പിടിപ്പിക്കാൻ**

ഏതെങ്കിലും സാഹചര്യത്തിൽ പല്ല് എടുത്തുകളയേണ്ടിവന്നാൽ എടുത്തുപോയ പല്ലിന്റെ സ്ഥാനത്തു പുതിയ പല്ലുവയ്ക്കേണ്ടതായി വരും. സ്ഥിരമായി വയ്ക്കുവാൻ ഉപയോഗിക്കുന്ന മാർഗങ്ങളിൽ ഒന്നാണ് എഫ്.പി.ഡി. അഥവാ ബ്രിഡ്ജ്. ഇതിനായി എടുത്തുകളഞ്ഞ പല്ലിന്റെ ഇരുവശത്തുമുള്ള പല്ലുകളെ ചെറുതാക്കി ആ പല്ലുകൾ ചേർത്തു ക്യാപ് ചെയ്യുന്നു. ഇങ്ങനെ ചെറുതാക്കുന്നതിനുമുമ്പ് ഈ പല്ലുകൾക്കു കേടില്ലായെങ്കിലും റൂട്ട്കനാൽ ചെയ്യുന്നു. ഇതു ഭാവിയിൽ ഈ പല്ലുകൾക്കു പുളിപ്പോ വേദനയോ ഉണ്ടാവാതിരിക്കാൻ സഹായിക്കുന്നു.

**എന്റോ പെരിയോ ലീഷൻസ്**

മോണസംബന്ധമായും അതിനൊപ്പം കേടുമൂലവും പല്ലിനു വേദനയുണ്ടാവാറുണ്ട്. ചില എൻഡോ-പെരിയോലിഷൻസിനു പല്ലിൽ കേടില്ലായെങ്കിലും റൂട്ട്കനാൽ ചെയ്യാറുണ്ട്.

**കുട്ടികളുടെ പാൽപ്പല്ലുകൾക്ക് റൂട്ട്കനാൽ**

പാൽപ്പല്ലുകൾക്ക് റൂട്ട് കനാലിനോടു സാമ്യമുള്ള പൾപോട്ടമി അഥവാ പാൾപ്പക്ടമിയാണ് ചെയ്യാറുള്ളത്.

**പ്രായമായവർക്ക് റൂട്ട്കനാൽ ട്രീറ്റ്മെന്റ് പറ്റുമോ?**

പ്രായമായവരിലും തീർച്ചയായും റൂട്ട്കനാൽ ട്രീറ്റ്മെന്റ് ചെയ്യാൻ സാധിക്കും. പല്ലുകളുടെ ആന്തരികഘടനയും മോണയുടെ അവസ്ഥയും പരിഗണിച്ച് ഏതൊരു വ്യക്തിക്കും ചെയ്യുന്നതുപോലെതന്നെ പ്രായമായവരിലും റൂട്ട്കനാൽ ചെയ്യാൻ സാധിക്കും.

**പ്രമേഹമുള്ളവർക്ക് റൂട്ട്കനാൽ?**

രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രണവിധേയമാണെങ്കിൽ റൂട്ട്കനാൽ ചെയ്യാൻ സാധിക്കും.

**ഹൃദ്രോഗികൾക്ക് റൂട്ട് കനാൽ?**

ഹൃദ്രോഗചികിത്സയിൽ ഇരിക്കുന്നവർക്കും റൂട്ട്കനാൽ ട്രീറ്റ്മെന്റ് ചെയ്യാം. അവർ സ്ഥിരമായി കഴിക്കുന്ന ആസ്പിരിൻ പോലുള്ള മരുന്നു നിറുത്തേണ്ടതില്ല. രക്തത്തിലെ ഐ.എൻ.ആർ. പരിശോധിച്ചിനുശേഷം റൂട്ട്കനാൽ ചെയ്യുന്നത് ഉത്തമമാണ്.

■

**റൂട്ട്കനാൽ ട്രീറ്റ്മെന്റ്**



Infected Tooth | Tooth Cleaned and Shaped | Root Filling and Crown Replaced

---

കവിത

പ്രദീഷ് അരുവിക്കര

## ലഹരിയുടെ പക്ഷികൾ

താഴത്തുവയ്ക്കാതെ താലോലമാട്ടിയ
താമരമൊട്ടായിരുന്ന പൈതൽ
അമ്പിളി വാനിലുദിച്ചപോലെന്നും
അമ്മതൻ മാറിൽ ചിരിച്ച പൈതൽ
പിച്ചനടന്നൊരാ പാദങ്ങൾ തെറ്റാതെ
അച്ഛന്റെ കൈത്തുണ തന്നതല്ലേ
വിദ്യാലയത്തിൽ പഠിക്കുവാൻ പോയ നീ
അത്യുന്നതങ്ങളിൽ പ്രതീക്ഷ തന്നു...

അന്തിവെയിൽ നന്നേ കറുത്തൊരു നേരം
അമ്മയ്ക്കു തേങ്ങലായി ഉണ്ണിയെ കാണുവാൻ...

ആരോരുമറിയാതെയാരോ ഒരാൾ
മിട്ടായി തന്നതും നീ ചൊല്ലിയില്ലാ...
സിരകളിൽ കൊത്തുന്നു ലഹരിയുടെ പക്ഷികൾ
വഴികളിലാകെ നിഴലുകളാടുന്നു...

കനിവുകൾ വറ്റി, കുരുതികൾ പെറ്റു
മിഴികളടഞ്ഞു, നിലവിളിയുയർന്നു...

കനവുകളെഴുതുന്ന മിഴികളിലാകെ
നെറിയുടെ തിരികൾ അണയുകയാണോ?

ഡോക്ടറാക്കുവാൻ മോഹിച്ചു പഠിപ്പിച്ചു
രോഗിയായി നീ ഭ്രാന്തനായി മാറിയോ
താടി വളർന്നൊരു കാട്ടാളരൂപത്തിൽ
കാണുവാൻ വയ്യ കണ്ണു പൊത്തീടുന്നു...

ഭ്രാന്തമായ് തെരുവിലലഞ്ഞീടുമ്പോൾ
ഭ്രാന്തിയാകുന്നു നിന്നമ്മയും മകനേ

വീഴരുതാരുമീ ചതിയുടെ കുഴികളിൽ
വീഴില്ല എന്ന് പ്രതിജ്ഞയെടുക്കണം.

---

റോണിയ സണ്ണി

കഥ



## പഠിച്ചുയരാൻ പറന്നുയരാൻ

മുറ്റത്തെ ചെടിയുടെ ഇലയുടെ അടിയിൽ പറ്റിപ്പിടിച്ചിരുന്ന കൊക്കൂൺ പൊട്ടിച്ച് പുറത്തുവരുന്ന ചിത്രശലഭത്തെ കൗതുകത്തോടെ നോക്കിനില്ക്കുന്ന മോളുടെ അടുത്തെത്തി ഞാൻ കാര്യം തിരക്കി. അവളുടെ ചോദ്യം: അമ്മേ, ആരാ ഈ ബട്ടർഫ്ളൈയെ പൊതിഞ്ഞുവച്ചത്?

അപ്പുറത്തെ മൾബറിച്ചെടിയിൽ ഇരിക്കുന്ന ഒരു പുഴുവിനെ കാണിച്ച് ഇതുപോലൊരു പുഴുവാണ് ഈ ബട്ടർഫ്ളൈ ആയതെന്നു പറഞ്ഞപ്പോൾ അവളുടെ കണ്ണുകൾ ആശ്ചര്യംകൊണ്ടു വിടർന്നു; കൂടെ കുറെ സംശയങ്ങളും.

"അതെങ്ങനെയാ പുഴു ബട്ടർഫ്ളൈ ആകുന്നത്?"

പുഴു പൂമ്പാറ്റയാകുന്ന കഥ ഞാൻ അവളോടു പറഞ്ഞു. ലാർവയായി, പ്യൂപ്പയായി, ഒടുവിൽ കൊക്കൂൺ പൊട്ടിച്ചു പുറത്തുവരുന്ന പൂമ്പാറ്റ കാത്തിരിക്കേണ്ടിവന്ന സമയവും സഹിച്ച വേദനയുമൊക്കെ ഞാൻ അവൾക്കു പറഞ്ഞുകൊടുത്തു.

അപ്പോൾ അടുത്ത ചോദ്യം: "ഇന്നലെ ഞാൻ കുസൃതി കാണിച്ചപ്പോൾ അമ്മ എന്നെ അടിച്ചത് ഞാൻ നല്ല കുട്ടിയാകാനാണെന്നല്ലേ പറഞ്ഞത്. ഞാനും ഇതുപോലെ ബട്ടർഫ്ളൈ ആകുമോ അമ്മേ?" മറുപടിക്കായി കാത്തുനില്ക്കാതെ അവൾ മുറ്റത്ത് ഓടിക്കളിച്ചു.

ചില വലിയ ജീവിതപാഠങ്ങൾ എത്ര നിസ്സാരമായിട്ടാണ് പ്രകൃതി നമ്മെ പഠിപ്പിക്കുന്നതെന്നോർത്തപ്പോൾ എന്റെ കണ്ണുകളും ആശ്ചര്യംകൊണ്ടു വിടർന്നു.

ഭാവിയിൽ കംഫോർട്ട് സോണിന്റെ കമ്പിളിപ്പുതപ്പിൽനിന്ന് പുറത്തുകടക്കേണ്ടിവരുമ്പോൾ, ജീവിതം ചില പ്രതിസന്ധികളും കാത്തിരിപ്പുകളും മുമ്പിൽവച്ചു തരുമ്പോൾ അതിനെയൊക്കെ അതിജീവിക്കാൻ കൊക്കൂൺ പൊട്ടിച്ചു പുറത്തുവന്ന ആ ചിത്രശലഭത്തിന്റെ കഥ അവളെ സഹായിച്ചേക്കും.

മടുപ്പിക്കുന്ന ഉപദേശങ്ങളെക്കാൾ മുന്നിൽ കാണുന്ന കാഴ്ചകളിൽനിന്ന് അവൾ ജീവിതം പഠിക്കട്ടെ...

# ചെറുതായിരിക്കുക എന്ന ദിവ്യവരം



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**ഭാഗ്യസ്മരണാർഹനായ ബനഡിക്ട് പതിനാറാമൻ മാർപാപ്പായെക്കുറിച്ച് കർദിനാൾ റോബർട്ട് സറാ രചിച്ച പുതിയ പുസ്തകത്തെക്കുറിച്ചുള്ള പഠനം.**

**പത്താം ഭാഗം**

**1969** ൽ വിശുദ്ധ പോൾ ആറാമൻ മാർപാപ്പാ ആരംഭിച്ചതാണ് ഇന്റർ നാഷണൽ തിയോളജിക്കമ്മീഷൻ. വിവിധ രാജ്യങ്ങളിൽനിന്നായി മുപ്പതോളം അംഗങ്ങളുള്ള കമ്മീഷന്റെ കാലാവധി അഞ്ചു വർഷമാണ്. വിശ്വാസകാര്യങ്ങളുടെ തിരുസംഘത്തിന്റെ ഭാഗമായിട്ടാണ് ഈ കമ്മീഷൻ പ്രവർത്തിക്കുന്നത്. ആദ്യത്തെ കമ്മീഷനിൽ ഹെൻറി ലുബാക്, യീവ് കോൺഗാർ, ഹാൻസ് ഊർസ്വോൺ ബൽത്താസർ, കാൾ റാനർ തുടങ്ങിയവരോടൊപ്പം ജോസഫ് റാറ്റ്സിങ്ങറും ഉണ്ടായിരുന്നു.

ഓരോ അഞ്ചുകൊല്ലവും ഈ കമ്മീഷൻ പുനഃസംഘടിപ്പിച്ചുപോരുന്നു. ഇപ്പോഴുള്ളത് ഒൻപതാമത്തെ ദൈവശാസ്ത്രക്കമ്മീഷനാണ്.

ഭാരതത്തിൽനിന്ന് റവ. ഡോ. സെബാസ്റ്റ്യൻ കരോട്ടെമ്പ്രയിൽ എസ്.ഡി.ബി., റവ. ഡോ. ഡൊമിനിക് വെളിയത്ത് എസ്.ഡി.ബി., ആലുവ സെന്റ് ജോസഫ്സ് സെമിനാരി പ്രൊഫസറായിരുന്ന റവ. ഡോ. ജോർജ് കാരക്കുന്നേൽ എന്നിവർ ദൈവശാസ്ത്രക്കമ്മീഷനിൽ അംഗങ്ങളായിരുന്നിട്ടുണ്ട്. ഇപ്പോൾ റവ. ഡോ. തോമസ് കൊല്ലംപറമ്പിൽ സി.എം.ഐ. ഈ കമ്മീഷനിൽ അംഗമാണ്.

കാൽനൂറ്റാണ്ടോളം, വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ കാലത്ത് വിശ്വാസകാര്യങ്ങളുടെ തിരുസംഘത്തിന്റെ അധ്യക്ഷനായിരുന്ന കർദിനാൾ റാറ്റ്സിങ്ങർ ദൈവശാസ്ത്രക്കമ്മീഷന്റെയും അധ്യക്ഷനായിരുന്നു. 2005 ൽ മാർപാപ്പായായി തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 2009 ഡിസംബർമാസം ഒന്നാം തീയതി അന്തർദേശീയ തിയോളജിക്കമ്മീഷൻ അംഗങ്ങളോടൊപ്പം അർപ്പിച്ച വിശുദ്ധകുർബാനയിൽ നല്കിയ വചനസന്ദേശം കർദിനാൾ സറായുടെ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. പ്രസ്തുത വചനസന്ദേശത്തിന്റെ ഉള്ളടക്കം ഞാൻ ഈ ലേഖനത്തിൽ പങ്കുവയ്ക്കുന്നു:

"അപ്പോൾ ഈശോ അരുൾചെയ്തു: സ്വർഗത്തിന്റെയും ഭൂമിയുടെയും നാഥനായ എന്റെ പിതാവേ, നീ ഇക്കാര്യം ജ്ഞാനികളിലും വിവേകികളിലും നിന്നു മറച്ച് ശിശുക്കൾക്കു വെളിപ്പെടുത്തിയതിനാൽ ഞാൻ നിന്നെ പുകഴ്ത്തുന്നു. അതേ, പിതാവേ, അതാണ് നിന്റെ തിരുമനസ്സ്. എന്റെ പിതാവ് സർവവും എന്നെ ഭരമേല്പിച്ചിരിക്കുന്നു. പിതാവല്ലാതെ മറ്റാരും പുത്രനെ അറിയുന്നില്ല. പുത്രനും പുത്രൻ ആർക്കു വെളിപ്പെടുത്താൻ മനസ്സാകുന്നുവോ അവനും അല്ലാതെ മറ്റാരും പിതാവിനെയും അറിയുന്നില്ല." (വി. മത്തായി 11: 25-27).

'കർത്താവിന്റെ ഈ വാക്കുകൾ ദൈവശാസ്ത്രജ്ഞരായ നമുക്ക് ഒരു വെല്ലുവിളിയാണ്. കുറച്ചുകൂടി കൃത്യമായി പറഞ്ഞാൽ, നമ്മൾ ദൈവശാസ്ത്രജ്ഞർ ആരാണെന്നും ദൈവശാസ്ത്രം എന്താണെന്നും ആത്മശോധന നടത്താനുള്ള ഒരാഹ്വാനമാണ് ഈ സുവിശേഷഭാഗം' എന്നു പറഞ്ഞുകൊണ്ടാണ് ബനഡിക്ട് പതിനാറാമൻ ഈ സന്ദേശം ആരംഭിക്കുന്നത്.

ത്രിത്വത്തിന്റെയും മനുഷ്യാവതാരത്തിന്റെയും ദിവ്യരഹസ്യങ്ങൾ ജ്ഞാനികളിൽനിന്നു മറച്ചുവച്ച് ശിശുക്കൾക്കു വെളിപ്പെടുത്തിയതിന് ഈശോ പിതാവിനെ സ്തുതിക്കുന്നു.

ഇത് ഈശോയ്ക്ക് തന്റെ ജനനംമുതലുള്ള ഒരനുഭവമാണ്. അന്ന് രക്ഷകൻ എവിടെ ജനിക്കുമെന്ന ചോദ്യത്തിന് ജ്ഞാനികളും പണ്ഡിതരും കൃത്യമായ മറുപടി നല്കി: ബേത്‌ലഹേം. പക്ഷേ, അവർക്ക് അങ്ങോട്ടുപോകാൻ തോന്നിയില്ല.

ഈശോയുടെ പരസ്യജീവിതകാലത്ത് അറിവുള്ളവരും മോശയുടെ നിയമങ്ങൾ കർശനമായി അനുസരിക്കുന്നവരുമായ നിയമജ്ഞർക്കും ഫരിസേയർക്കും അവിടുത്തെ ദൈവത്വം തിരിച്ചറിയാനും അംഗീകരിക്കാനും സാധിച്ചില്ല. എന്നാൽ, എളിയവർ അവിടുത്തെ തിരിച്ചറിഞ്ഞു, പരിശുദ്ധ കന്യകയും ഗലീലയിലെ മുക്കുവരും കുരിശിൻചുവട്ടിൽ നിന്ന റോമൻപട്ടാളക്കാരനുംവരെ ഈശോ ദൈവപുത്രനാണെന്നു തിരിച്ചറിഞ്ഞ് ഏറ്റുപറഞ്ഞു.



ഇപ്രകാരം വിശദീകരിക്കുന്ന പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ ഈശോയിലുള്ള വിശ്വാസത്തിന്റെ കാര്യത്തിൽ ഇപ്പോഴും ഈ സ്ഥിതി തുടരുന്നതായി നിരീക്ഷിക്കുന്നു. ഉദാഹരണത്തിന്, കഴിഞ്ഞ ഇരുന്നൂറു വർഷക്കാലഘട്ടം പരിശോധിച്ചാൽ വലിയ ചിന്തകരെയും ദൈവശാസ്ത്രജ്ഞരെയും വിശുദ്ധ ഗ്രന്ഥവ്യാഖ്യാതാക്കളെയും കണ്ടെത്താനാകും. എന്നാൽ, വിശ്വാസത്തിന്റെ കാതൽ പലപ്പോഴും അവരിൽനിന്നു മറച്ചുവയ്ക്കപ്പെടുകയായിരുന്നു.

നേരേമറിച്ച്, ഇതേ കാലഘട്ടത്തിൽ ദിവ്യരഹസ്യങ്ങൾ ഹൃദയംകൊണ്ടു ഗ്രഹിച്ച ചെറിയവരുണ്ടായിരുന്നു. ലൂർദിലെ വിശുദ്ധ ബർണർദേത്തും ലിസ്യൂവിലെ വിശുദ്ധകൊച്ചുത്രേസ്യായും മൊളോക്കോയിലെ വി. ഡാമിയനും കൽക്കട്ടായിലെ വി. മദർതെരേസായും ഈ എളിയവരിൽ ഏതാനും പേരാണ്.

ഇതോടൊപ്പം പരിശുദ്ധപിതാവ് പ്രത്യേകം എടുത്തു പറയുന്ന ഒരു വിശുദ്ധയാണ് ജോസഫൈൻ ബകീത്താ.

**വി. ജോസഫൈൻ ബകീത്താ (1869-1947)**

രണ്ടായിരാമാണ്ട് ഒക്ടോബർ ഒന്നാംതീയതി ജോൺ പോൾ രണ്ടാമൻ മാർപാപ്പാ വത്തിക്കാനിൽവച്ച് വിശുദ്ധയായി പ്രഖ്യാപിച്ച കനോസിയൻ സഭാംഗമാണ് സിസ്റ്റർ ജോസഫൈൻ ബകീത്ത. വത്തിക്കാൻ ഔദ്യോഗികമായി നല്കുന്ന ജീവിതചരിത്രക്കുറിപ്പനുസരിച്ച് അവർ 1869 ൽ പശ്ചിമസുഡാനിൽ ജനിച്ചു. കൃത്യമായ തീയതി ലഭ്യമല്ല. ഏഴുമക്കളുള്ള ഒരു കുടുംബത്തിൽ സന്തോഷത്തോടെ ജീവിച്ചുപോന്ന അവളെ ആറേഴു വയസ്സുള്ളപ്പോൾ അറബി അടിമക്കച്ചവടക്കാരൻ തട്ടിക്കൊണ്ടുപോയി. അതിന്റെ ആഘാതത്തിൽ സ്വന്തം പേരുപോലും വിസ്മൃതിയിൽ ആണ്ടുപോയി. ബകീത്താ എന്നത് അടിമക്കച്ചവടക്കാർ നല്കിയ അറബിപ്പേരാണ്. അതിനർഥം ഭാഗ്യവതി എന്നാണെന്ന വിരോധാഭാസം അടിമയായി കൈമാറ്റം ചെയ്യപ്പെടുകയും ക്രൂരമായി പീഡിപ്പിക്കപ്പെടുകയും ചെയ്തപ്പോൾ ആ പെൺകുട്ടിക്ക് അനുഭവപ്പെട്ടു കാണും. ശരീരത്തിൽ മുറിവുകൾ ഇല്ലാത്ത ഒരവസ്ഥ അവൾക്കില്ലായിരുന്നു എന്ന് പിന്നീട് ഓർത്തെടുക്കുന്നുണ്ട്. പലതവണ അവൾ കൈമാറ്റം ചെയ്യപ്പെട്ടു. ഏറ്റവും അവസാനം സുഡാന്റെ തലസ്ഥാനമായ കർത്തുമിൽ ഒരിറ്റാലിയൻ കുടുംബത്തിലെത്തി. അവർ അവളോടു മനുഷ്യത്വത്തോടെ പെരുമാറി. ആ കുടുംബം ഇറ്റലിക്കു തിരികെപ്പോന്നപ്പോൾ അവരോടൊപ്പം ഇറ്റലിക്കു പോരാൻ അവൾ ആഗ്രഹിക്കുകയും അവർ അതിനു സമ്മതിക്കുകയും ചെയ്തു. ഈ കുടുംബം അവരുടെ മകളോടൊപ്പം വെനേത്തോ എന്ന സ്ഥലത്തുള്ള കലോസിയൻ സിസ്റ്റേഴ്സിന്റെ ബോർഡിങ്ങിലാക്കി. അവിടെവച്ച് ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് അവളെ ക്രിസ്തീയവിശ്വാസം എന്തെന്നു പറഞ്ഞുകൊടുക്കുകയും അവൾക്കു മാമ്മോദീസാ നല്കുകയും ചെയ്തു. വെനീസിലെ കർദിനാൾ സാർത്തോ (പിന്നീട് പത്താം പീയൂസ്) ആണ് ബകീത്തായ്ക്ക്, തൈലാഭിഷേകവും വിശുദ്ധ കുർബാനയും നല്കിയത്. അവൾ കനോസിൻമഠത്തിൽച്ചേർന്ന് എളിയജോലികളൊക്കെ ചെയ്ത് വിശുദ്ധ ജീവിതം നയിച്ചു. ആ പ്രദേശവാസികൾക്ക് വലിയ സ്നേഹവും മതിപ്പും അവർ കറുത്ത മദർ എന്ന് ആദരവോടെ വിളിച്ചിരുന്ന ഈ സന്ന്യാസിനിയോട് ഉണ്ടായിരുന്നു.

അമ്പതു വർഷക്കാലം ഒരു കനോസിയൻ സന്ന്യാസിനിയായി ജീവിതം നയിച്ചശേഷം 1947 ഫെബ്രുവരി 8-ാം തീയതി ജോസഫൈൻ ബകീത്താ സ്വർഗത്തിലേക്കു യാത്രയായി. അവരുടെ തിരുനാൾ ഫെബ്രുവരി 8-ാം തീയതിയാണ് ആഘോഷിക്കപ്പെടുന്നത്.

**വിജ്ഞാനികൾ**

വിജ്ഞാനികൾ ചെറുതായാൽ അവർക്കും ദിവ്യരഹസ്യങ്ങളിൽ വിശ്വസിക്കാനാകും. ബനഡിക്ട്പാപ്പാ അതിനു ചൂണ്ടിക്കാണിക്കുന്ന ഉദാഹരണം വിശുദ്ധ പൗലോസ്ശ്ലീഹായാണ്. തുടർന്ന്, അറിവല്ല ഗർവാണ് ദിവ്യരഹസ്യങ്ങളിൽ വിശ്വസിക്കാൻ വിഘ്നം സൃഷ്ടിക്കുന്നതെന്ന് അദ്ദേഹം വിശദമാക്കുന്നു.

യഥാർഥമായ എളിമയ്ക്കായി പ്രാർഥിക്കാനും യഥാർഥ ദൈവശാസ്ത്രജ്ഞനുണ്ടായിരിക്കേണ്ട ശിശുത്വം സമ്പാദിച്ച് ദൈവത്തെ ഹൃദയത്തിൽ തൊട്ടറിഞ്ഞ് ദിവ്യരഹസ്യങ്ങൾ പ്രഘോഷിക്കാനും അവനു സാധിക്കട്ടേയെന്ന് ആശംസിച്ചുകൊണ്ടാണ് ബനഡിക്ട് പിതാവ് ഈ വചനസന്ദേശം ഉപസംഹരിച്ചത്. ■

# കോമൺവെൽത്ത് ഗെയിംസ് ഓർമയാകുമോ?



സനിൽ പി. തോമസ്




സാമ്രാജ്യത്വകാലഘട്ടത്തിന്റെ ബാക്കിപത്രമാണ് കോമൺവെൽത്ത് ഗെയിംസ് എന്നു പറയാം. ബ്രിട്ടീഷ്സാമ്രാജ്യത്തിലെ കായികതാരങ്ങളെ ഒരു കുടക്കീഴിൽ അണിനിരത്തുക എന്ന ആശയവുമായി യോർക് ഷെറിലെ റവ. ജെ. ആട്‌ലി കൂപ്പർ 1891 ൽ 'ഗ്രേറ്റ് ബ്രിട്ടൻ' മാസികയിൽ എഴുതിയ ലേഖനത്തിൽ നിന്ന് ഉരുത്തിരിഞ്ഞ കായികമേള. ലണ്ടൻ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കോമൺവെൽത്ത് ഗെയിംസ് ഫെഡറേഷന്റെ മേൽനോട്ടത്തിൽ നടക്കുന്ന കായികമേള വലിയ പ്രതിസന്ധി നേരിടുകയാണ്.

ഓസ്ട്രേലിയയിലെ വിക്ടോറിയയിലാണ് 2026 ലെ കോമൺവെൽത്ത് ഗെയിംസ് നടക്കേണ്ടത്. സാധാരണ ഏഴുവർഷം മുമ്പാണു വേദി നിശ്ചയിക്കുക. എന്നാൽ, ഇപ്പോൾ വിക്ടോറിയ പിൻവാങ്ങിയിരിക്കുകയാണ്. 2032 ലെ ഒളിമ്പിക്സിന്റെ വേദി ഓസ്ട്രേലിയയിലെ ബ്രിസ്ബെയ്നിലാണ്. ഇപ്പോൾ നടക്കുന്ന വനിതാലോകകപ്പ് ഫുട്ബോളിന് ആതിഥേയത്വം വഹിക്കുന്നത് ഓസ്ട്രേലിയയും ന്യൂസിലൻഡും ചേർന്നാണ്. ഇങ്ങനെയൊരു അവസരത്തിൽ കോമൺവെൽത്ത് ഗെയിംസിന്റെ സാമ്പത്തികബാധ്യത കൂടി രാജ്യത്തിനു താങ്ങാനാവില്ലത്രേ.

അടുത്ത ഗെയിംസിന് 1000 നാൾ ബാക്കിനില്ക്കെയാണ് വിക്ടോറിയയുടെ പിൻമാറ്റം: 1930 ൽ തുടങ്ങിയ ഗെയിംസിന്റെ 23-ാം പതിപ്പാണ് വിക്ടോറിയയിൽ നടക്കേണ്ടത്. ഇതിനുമുമ്പ് 1994 ൽ വിക്ടോറിയ ആതിഥേയത്വം വഹിച്ചതുമാണ്. സാമ്പത്തികബാധ്യത താങ്ങാൻ കഴിയുന്നില്ലെന്നാണു വാദം. മറ്റൊരു രാജ്യം വേദിയൊരുക്കാൻ മുന്നോട്ടു വന്നിട്ടുമില്ല. ഇതോടെ കോമൺവെൽത്ത് ഗെയിംസ് തന്നെ നിന്നുപോകുമെന്ന അവസ്ഥയാണ്.

കോമൺവെൽത്ത് ഗെയിംസ് ഫെഡറേഷനിൽ 72 രാജ്യങ്ങൾ അംഗങ്ങളായുണ്ടെങ്കിലും ഇതുവരെ ആറു രാജ്യങ്ങൾ മാത്രമാണ് വേദിയൊരുക്കിയിട്ടുള്ളത്. ബ്രിട്ടണും കാനഡയും ഓസ്ട്രേലിയയും ന്യൂസിലൻഡും ജമൈക്കയും ഇന്ത്യയും മാത്രമാണ് ഗെയിംസ് സംഘടിപ്പിച്ചത്. ദക്ഷിണാഫ്രിക്കയിലെ ഡർബൻ 2018 ലും 2022 ലും വേദിയാകാൻ ഒരുങ്ങിയെങ്കിലും പിൻവാങ്ങി. തുടർന്ന് യഥാക്രമം ഗോൾഡ് കോസ്റ്റും (ഓസ്ട്രേലിയ) ബർമ്മിങ്ങാമും (ബ്രിട്ടൻ) ആതിഥേയത്വം ഏറ്റെടുത്തു. ഇത്തവണ പകരക്കാരായി ആരും മുന്നോട്ടു വരുന്നില്ല എന്നതാണ് ആശങ്ക ഉയർത്തുന്നത്.

ഏഷ്യൻ ഗെയിംസ്പോലെ വിവിധ ഭൂഖണ്ഡങ്ങൾക്ക് അവരുടേതായ കായികമേളകൾ ഉള്ളപ്പോൾ പഴയ ബ്രിട്ടീഷ് കോളനികളുടെ മേളയ്ക്ക് എന്തു പ്രസക്തിയെന്ന ചോദ്യം ഏതാനും വർഷമായി ഉയരുന്നുണ്ട്. പക്ഷേ, കോമൺവെൽത്ത് ഗെയിംസിലെ ചില ഇനങ്ങളിൽ താരമൂല്യവും പോരാട്ടതീവ്രതയും ഏഷ്യൻഗെയിംസിനെക്കാൾ മുകളിലാണ് എന്നത് വസ്തുതയാണ്. പ്രത്യേകിച്ച് അത്‌ലറ്റിക്സ്, നീന്തൽ ഇനങ്ങളിൽ.

ഒളിമ്പിക്സും ലോകകപ്പ് ഫുട്ബോളുംവരെ സാമ്പത്തികമായി വലിയ ബാധ്യതയാണ് അതതു രാജ്യങ്ങൾക്കു സൃഷ്ടിച്ചത്. ഏറ്റവും ഒടുവിൽ ഒളിമ്പിക്സ് നടത്തിയ ടോക്കിയോയും ലോകകപ്പിനു വേദിയൊരുക്കിയ ഖത്തറും വിഷമിച്ചു. പക്ഷേ, അഭിമാനപ്രശ്നമായതിനാൽ പിൻവാങ്ങിയില്ല. ഖത്തറിന് ആഭ്യന്തര ഉത്പാദനത്തിന്റെ പത്തുശതമാനം ചെലവിടേണ്ടി വന്നെന്നാണ് അറിഞ്ഞത്. ടോക്കിയോയ്ക്ക് കൊവിഡും പ്രതിസന്ധി സൃഷ്ടിച്ചു. വൻനഷ്ടമാണ് ഉണ്ടായത്. അടുത്ത ഒളിമ്പിക്സ് അടുത്തവർഷം പാരീസിലാണ് നടക്കുക. കൊവിഡ്മൂലം നിർമാണ പ്രവർത്തനങ്ങൾ പലതും മുടങ്ങിയിരുന്നു. പോയവർഷം പുനരാരംഭിച്ചപ്പോൾ സമയത്തിനൊത്തു മുന്നോട്ടുകൊണ്ടുപോകാൻ പാരീസ് സംഘാടകർ വിഷമിച്ചു.

ക്രിക്കറ്റ് ലോകകപ്പുകൾ ഒഴികെയെല്ലാം വൻസാമ്പത്തികബാധ്യതയാണെന്ന പ്രചാരം ശക്തമാണ്. അതുകൊണ്ടാണ് പല മഹാമേളകൾക്കും വേദിയാകാനുള്ള അപേക്ഷകൾ കുറയുന്നത്. ലോകകപ്പ് ഫുട്ബോളിനും ഗ്രീഷ്മകാല, ശീതകാല ഒളിമ്പിക്സിനുമൊക്കെ വേദി അനുവദിച്ചതിൽ വലിയ അഴിമതിയാരോപണങ്ങൾ ഉയർന്ന കാലം കഴിയുകയാണ്. ഇനി വേദിക്കായി സമ്മർദങ്ങൾ ഉണ്ടാകാൻ സാധ്യത വളരെ കുറവാണ്. ഒളിമ്പിക്സിന്റെയും ലോകകപ്പിന്റെയും സ്ഥിതി ഇതാകുമ്പോൾ കോമൺവെൽത്ത് ഗെയിംസിന്റെ കാര്യം കഷ്ടംതന്നെ.

2036 ലെ ഒളിമ്പിക്സിനു വേദിയാകാൻ അഹമ്മദാബാദ് ശ്രമം തുടങ്ങിയിട്ടുണ്ട്. വളരെ പെട്ടെന്ന് ദേശീയ ഗെയിംസ് നടത്തി വിജയിപ്പിച്ച അഹമ്മദാബാദ് 2026 ലെ കോമൺവെൽത്ത് ഗെയിംസ് വേദിക്കായി ശ്രമിക്കുമെന്നു കേട്ടെങ്കിലും അധികൃതർ ഒന്നും പറയുന്നില്ല. 2010 ൽ ന്യൂഡൽഹിയിൽ നടന്ന കോമൺവെൽത്ത് ഗെയിംസ് വിജയമായിരുന്നെങ്കിലും അതുമായി ബന്ധപ്പെട്ട് ഉയർന്ന അഴിമതിയാരോപണങ്ങൾ തീരാക്കളങ്കമാണ് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനും ഇന്ത്യൻ കായികവേദിക്കുതന്നെയും സമ്മാനിച്ചത്. അന്നത്തെ ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷൻ സ- ാരഥി സുരേഷ് കൽമാഡി ഉൾപ്പെടെ പലരും ജയിലിലും കിടക്കേണ്ടി വന്നു.

അഹമ്മദാബാദിൽ കോമൺവെൽത്ത് ഗെയിംസ് നടത്തി പാളിപ്പോയാൽ അത് ഒളിമ്പിക്സ് വേദിയാകാനുള്ള ഇന്ത്യൻ സ്വപ്നങ്ങൾ തല്ലിക്കെടുത്തും. അത്തരമൊരു സാഹസത്തിന് ബന്ധപ്പെട്ടവർ തയ്യാറാകില്ല. മാത്രമല്ല, 72 രാജ്യങ്ങളിൽനിന്നുള്ള താരങ്ങളെ അണിനിരത്തി ഒരു മഹാമേള സംഘടിപ്പിക്കുന്നതിന്റെ ചെലവ് താങ്ങാനാവുന്നതിലധികമായിരിക്കും. ദക്ഷിണാഫ്രിക്കപോലും ഒന്നിലധികം തവണ പിന്മാറിയത് പാഠമായി നമുക്കു മുന്നിലുണ്ട്.

പക്ഷേ, കോമൺവെൽത്ത് ഗെയിംസ് മുടങ്ങുന്നതിന്റെ നഷ്ടം നമ്മുടെ കായികതാരങ്ങൾക്കാണ്. കഴിഞ്ഞ ഗെയിംസിലൊക്കെ മെച്ചപ്പെട്ട പ്രകടനമാണ് ഇന്ത്യൻ താരങ്ങൾ കാഴ്ചവച്ചത്. മലയാളികളുടെ കാര്യമെടുത്താൽ 1978 ൽ ലോങ്ജംപിൽ വെങ്കലം നേടിയ സുരേഷ് ബാബുവാണ് കോമൺവെൽത്ത് ഗെയിംസിൽ മെഡൽ നേടിയ ആദ്യ മലയാളി. പി.ടി. ഉഷ, ഷൈനി വിൽസൻ, എം.ഡി. വൽസമ്മ തുടങ്ങിയവർക്കൊന്നും കോമൺവെൽത്ത് ഗെയിംസിൽ പങ്കെടുക്കാൻപോലും സാധിച്ചിട്ടില്ല. മേഴ്സി മാത്യു കുട്ടനാണ് കോമൺവെൽത്ത് ഗെയിംസിൽ പങ്കെടുത്ത ആദ്യമലയാളിവനിത. ട്രാക്ക് ആൻഡ് ഫീൽഡിന് അപ്പുറം ബാഡ്മിന്റനിലും ബോക്സിങ്ങിലും ഒക്കെ മലയാളികൾ തിളങ്ങിയ വേദിയാണിത്. ഗെയിംസ് നിന്നുപോയാൽ ഏഷ്യൻ ഗെയിംസിനും ഒളിമ്പിക്സിനും മധ്യേയൊരു മത്സരവേദിയാണ് കായികതാരങ്ങൾക്കു നഷ്ടപ്പെടുക.

■



കവിത — ഡോ. കെ.കെ. ശിവദാസ്



## സംവത്സരങ്ങൾ

സംവത്സരങ്ങൾ
അവസാനിക്കുന്നേയില്ല.
ആകയാൽ,
ദുഃഖകരമായ ഒരു വൈകുന്നേരത്തിന്റെ
വേവലാതിയിൽ
നീറാതിരിക്കുക.
ജന്മശനിയുടെ ദുരിതപർവങ്ങളെക്കുറിച്ച്
ആകുലപ്പെടാതിരിക്കുക.
കൂട തുറന്നു ചൊരിഞ്ഞപ്പോൾ
കുറച്ചല്ലേയുള്ളൂ മീനുകൾ എന്നു ഖേദിക്കാതിരിക്കുക.
മരിച്ചവർ തിരിച്ചു വരുമെന്നോ
തിരിച്ചവർ മരിച്ചു വരുമെന്നോ കരുതാതിരിക്കുക
വരണ്ട നിലങ്ങൾക്കപ്പുറത്തെ
വാക പൂത്ത വഴികളോർക്കുക.
പേടിപ്പിക്കുന്ന രാത്രിക്കു പകരം
കണ്ടാരംതറയിലെ വിളക്കു കാൺക
നിന്നുനിന്നു കാൽകഴച്ചപ്പോൾ
ഇരിപ്പിടം തരമായ മുത്തശ്ശിയുടെ മുഖം കണക്കെ
ആശ്വാസത്തിൻ ചെറുചിരി പടർത്തുക.
സഹനത്തിന്റെ കീറച്ചാക്കുടുത്ത്
പൊടിയിലുരുണ്ട
വിചാരണദിനങ്ങളിലെപ്പോൽ
ശാന്തഗംഭീരമാക്കുക
ചങ്കും കരളും.
സംവത്സരങ്ങൾ
അവസാനിക്കുന്നേയില്ല.

Deepanalam Weekly
RNI No : 16998/68
Vol. 56 No. 24 Date of Publication 10 August 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# ആതുരശുശ്രൂഷയുടെ 75 വർഷങ്ങൾ





"A Home that cares...
A Home that cures"

## ഇമ്മാക്കുലേറ്റ് ഹാർട്ട് ഓഫ് മേരി ഹോസ്പിറ്റൽ

(മേരിഗിരി) ഭരണങ്ങാനം

**OWNED AND MANAGED BY MEDICAL MISSION SISTERS**

NABH Entry Level Certified Hospital

## പ്ലാറ്റിനം ജൂബിലി ആഘോഷം

2023 ഓഗസ്റ്റ് 17 വ്യാഴം 2 p.m.

**മേരിഗിരി മദർ അന്നാ ഡെങ്കൽ ഹാളിൽ**

### PROGRAMME

Public Meeting : 2.00 pm
Prayer Dance : Miss. Vandhana Siby & Team
Welcome Speech : Josbin Mathew (Assistant Administrator, IHM Hospital)
Report of the Hospital : Sr. Mini Thomas MMS (Administrator, IHM Hospital)
Presidential Address : His Excellency Mar Joseph Kallarangatt (Bishop of Palai)
Inauguration and Inaugural address :
His Beatitude Mar George Cardinal Alencherry (Major Archbishop of the Syro-Malabar Church)
Laying the Foundation Stone of Platinum Jubilee Memorial MRI & CT Block
: Sri. Roshy Augustine (Honorable Minister of Water Resources, Govt. of Kerala)
Music : Soyamol Augustine & Ann Maria Biju
Releasing of Jubilee Souvenir : Sr. Agnes Lanfermann MMS (Superior General, MMS)

### FELICITATIONS

: Sri. Thomas Chazhikadan M.P
: Sri. Jose K Mani M.P
: Sri. Mani. C. Kappen MLA
: Rev. Dr. Binu Kunnath (President, Catholic Health Association of India-Kerala Chapter)
: Sr.Lilly Joseph Nellikunnel, MMS (Provincial Superior, MMS South Province)
: Smt. Lizy Sunny Kunnelpurayidam (President, BHM Grama Panchayath)
: Rev. Fr. Zacharias Attappatt (Vicar, St. Mary's Forane Church, Bhm)
: Rev. Fr. Siby Paradiyil OFM Cap. (Assisi Ashram, Bharananganam)

Bharathanatyam : Elaine Treesa Kevin & Aylin Alphy Kevin
Vote of Thanks : Sr. Elizabeth Manjaly
National Anthem


കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി


മാർ ജോസഫ് കല്ലറങ്ങാട്ട്


ശ്രീ. റോഷി അഗസ്റ്റിൻ


ശ്രീ. തോമസ് ചാഴികാടൻ


ശ്രീ. ജോസ് കെ. മാണി


ശ്രീ. മാണി സി. കാപ്പൻ


സി. ആഗ്നസ് MMS


റവ. ഡോ. ബിനു കുന്നത്ത്


ശ്രീമതി ലിസി സണ്ണി


ഫാ. സക്കറിയാസ് ആട്ടപ്പാട്ട്


ഫാ. സിബി പാറടിയിൽ OFM Cap.


സി. മിനി തോമസ് MMS


സി. ലില്ലി ജോസഫ് MMS


ഡോ. എം.പി. രാജു

### DEPARTMENTS

- GENERAL MEDICINE
- GENERAL & LAPAROSCOPIC SURGERY
- OBSTETRICS AND GYNAECOLOGY
- PEADIATRICS
- ORTHOPEDICS - JOINT REPLACEMENT & ARTHOSCOPY
- ENT
- ANESTHESIOLOGY
- PSYCHIATRY
- CARDIOLOGY
- DERMATOLOGY & COSMETOLOGY
- EMERGENCY MEDICINE & TRAUMA CARE
- DENTAL - ORAL & MAXILLO FACIAL SURGERY
- NEUROLOGY
- NEPHROLOGY
- AYURVEDA

### SERVICES

- EMERGENCY AND TRAUMA CARE
- PHARMACY
- LABORATORY
- DIALYSIS
- BLOOD BANK
- OPERATION THEATRE
- AMBULANCE SERVICE
- DIGITAL RADIOGRAPHY
- LABOUR ROOM COMPLEX
- ULTRASOUND SCAN
- COLOUR DOPPLER
- PHYSIOTHERAPY
- ALTERNATIVE THERAPY
- COMMUNITY HEALTH
- PASTORAL CARE & COUNSELLING
- PALLIATIVE CARE
- IMMUNISATION CLINIC
- CANTEEN
- NURSING SCHOOL
- MORTUARY

Grand Graphics Bharananganam 9495109310


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org